സാർവത്രിക സഭയുടെ ചെറുപതിപ്പാണ് ഇടവക, ഇടവക ഒരു കുടുംബമാണ് ഒരു കൂട്ടായ്മയാണ്. ഇടവകാംഗങ്ങൾ എല്ലാവരും ക്രിസ്തുവിന്റെ മൗതീക ശരീരത്തിലെ സജീവാംഗങ്ങളാണ്. ശരീരത്തിലെ ഓരോ അവയവങ്ങൾക്കും ദൗത്യവും ഉത്തരവാദിത്യവും ഉള്ളതുപോലെ ഇടവകാംഗങ്ങൾ, എല്ലാവരും സജീവാംഗങ്ങളായിത്തീർന്ന് ഇടവകയാകുന്ന കർത്താവിന്റെ മൗതീക ശരീരത്തെ പരിപോഷിപ്പിക്കുകയും പരിപാലിക്കുകയും കൂട്ടായ്മയിൽ നിലനിൽക്കുകയും ചെയ്യുന്നു.

ലോകത്തിന്റെ വിവിധ രാജ്യങ്ങളിലും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും കേരളത്തിന്റെ വിവിധ സ്ഥലങ്ങളിലും ആയിട്ടാണ് നമ്മുടെ ഇടവകാംഗങ്ങൾ വിവിധ ശുശ്രൂഷ മേഖലകളിൽ ആയിരിക്കുന്നത് .നാം ഇപ്പോൾ രൂപം കൊടുത്തിരിക്കുന്ന ഈ വെബ്സൈറ്റ്-ൽ കൂടെ വിവിധ ദേശങ്ങളിലും സ്ഥലങ്ങളിലും ആയിരിക്കുന്നവർക്കു നമ്മുടെ ഇടവകയെ കുറിച്ച് കൂടുതൽ അറിയുവാനും ആശയങ്ങൾ വിനിമയം ചെയ്യുവാനും കൂട്ടായ്മയിൽ ആഴപ്പെടുവാനും സ്നേഹബന്ധങ്ങൾ ശക്തിപ്പെടുത്തുവാനും സാധിക്കട്ടെ.

എല്ലാവരുംതന്നെ ഈ വെബ്സൈറ്റ് ഉപയോഗിക്കുവാനും കൂടുതൽ ദൈവീക തീഷ്ണതയിൽ ക്രിസ്തുവിന്റെ സജീവ പോരാളികളായി ജീവനുള്ള ശിലകളായിതീരുവാനും ഇടയാകട്ടെ എല്ലാവിധ മംഗളങ്ങളും നേർന്നുകൊണ്ട് നിങ്ങളുടെ വികാരിയച്ചൻ

മിശിഹായിൽ സ്നേഹപൂർവം,

ഫാ മാത്യു പുതുമന